വെള്ളപ്പൊക്കം, വരൾച്ചാ ദുരിതാശ്വാസ പദ്ധതിത്തുകയുടെ വിനിയോഗം

19 (*518) ശ്രീ. സി. മോയിൻ കുട്ടി : :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ചാ ദുരിതാശ്വാസം എന്നീ പദ്ധതികൾക്കുള്ള തുക വിനിയോഗിക്കുന്ന രീതി എങ്ങനെയാണെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇത്തരം തുകകൾ വിനിയോഗിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ആരാണ് ;

(ഡി) ചില ബ്ലോക്കുകളിൽ ഡി.ഡി.ഒ.മാർ ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളിൽ ഇത്തരം പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും സമർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്കുകളിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള വരൾച്ച-വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) സർക്കാർ ഉത്തരവിൻപ്രകാരം ഭരണാനുമതിയും തുകയും അനുവദിച്ച് നൽകപ്പെടുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് ഇംപ്ലിമെന്റിംഗ് ഓഫീസർമാരിൽ നിന്നും സ്വീകരിച്ചശേഷം ടി പണികൾ അടിയന്തിരമായി നടപ്പാക്കുന്നതിലേയ്ക്കായി ഇംപ്ലിമെന്റ് ഓഫീസർമാരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുകയും, പണി പൂർത്തീകരിച്ചശേഷം ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സെറ്റ് ഇൻസ്പെക്ഷൻ നടത്തുകയും പണി തൃപ്തികരമെങ്കിൽ നടപ്പിലാക്കിയ കൺവീനർമാരുടെ പേരിൽ തുക അനുവദിക്കുകയും ചെയ്യുന്നു. വരൾച്ചാ ദുരിതാശ്വാസങ്ങൾക്കുള്ള പ്രവൃത്തികൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് ഭരണാനുമതി ലഭിച്ചശേഷം, പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി, തൃപ്തികരമെന്ന് തോന്നുന്ന പക്ഷം ഫൈനൽ പേയ്മെന്റ് നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാകാലങ്ങളിൽ പുറപ്പെടുവിച്ച സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം പ്രവൃത്തികളുടെ തുകകൾ അനുവദിക്കുന്നത്. ദുരിതാശ്വാസ നടപടികൾ അടിയന്തിര പ്രാധാന്യമർഹിക്കുന്നതിനാൽ, കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തുകകൾ അനുവദിക്കുന്ന രീതിയിലാണ് നിലവിലുള്ളത്. ടി മാർഗ്ഗനിർദ്ദേശങ്ങളുടെ കോപ്പി ഇതോടൊപ്പം സമർപ്പിക്കുന്നു.*

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ തലത്തിൽ ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. ജില്ലാകളക്ടർ പണി നടപ്പിലാക്കേണ്ട ഇംപ്ലിമെന്റിംഗ് ഓഫീസറെ നിശ്ചയിച്ചിട്ട് ടി പണി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി നൽകുന്നു. സർക്കാർ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് ഇത്തരം പണികൾക്ക് സാങ്കേതികാനുമതി നൽകുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) നിയന്ത്രണങ്ങൾ യാതൊന്നും തന്നെ നിലവിലില്ല. എന്നാൽ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ പുനരുദ്ധാരണ പണികൾ മാത്രമേ നടപ്പിലാക്കാവൂ എന്നുള്ള കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

വില്ലേജാഫീസുകളുടെ പ്രവർത്തനം

20 (*519) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്ക് വേണ്ടി സ്വീകരിക്കാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) വില്ലേജാഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുക, വില്ലേജ് തല ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്നീ കാര്യങ്ങൾ വില്ലേജ് തല ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly